# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 713 — 20.03.2013-ൽ മറുപടിക്ക്

### വീക്കിലി അയൺ ആന്റ് ഫോളിക് ആസിഡ് സപ്ളിമെന്ററി പ്രോഗ്രാം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികളിൽ ഇരുമ്പിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള (വീക്കിലി അയൺ ആന്റ് ഫോളിക് ആസിഡ് സപ്ളിമെന്ററി പ്രോഗ്രാം) നടപ്പിൽ വന്നിട്ടുണ്ടോ ; | (എ) ഉണ്ട് ; സംസ്ഥാനത്ത് 2013 ഫെബ്രുവരി 25 മുതൽ പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പദ്ധതി നടപ്പിൽ വന്നു. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (ബി) സ്കൂളുകളിലും അംഗൻവാടികളിലും പ്രതിവാര അയൺഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നത് വഴി കൗമാര പ്രായക്കാരിൽ വ്യാപകമായ വിളർച്ചയും ഇരുമ്പു പോഷണക്കുറവും തടയുക ,<br>പോഷകാഹാരത്തെക്കുറിച്ചും അയൺ അഥവാ ഇരുമ്പുസത്തടങ്ങിയ ആഹാര സാധനങ്ങൾ ധാരാളമായി കഴിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, വിളർച്ച തടയുന്നതിന് ശീലിക്കേണ്ട ഭക്ഷണരീതികളെക്കുറിച്ചും വ്യക്തികളുമായി നേരിട്ടിടപെട്ടും, ബഹുജന വിനിമയ മാർഗ്ഗങ്ങൾ വഴിയും കൗമാര പ്രായക്കാർക്ക് അറിവ് പകർന്നുകൊടുക്കുക ,<br>സാമാന്യം കൂടിയ വിളർച്ചയുള്ള കുട്ടികളെ അത്യാവശ്യം ബാഹ്യലക്ഷണങ്ങൾ വച്ച് സ്ക്രീൻ ചെയ്ത് ചികിത്സയ്ക്കായി ഡോക്ടറുടെ അടുത്ത് എത്തിക്കുക ,<br>കൊക്കോപ്പുഴു വിരബാധ വിളർച്ചയുടെ വലിയ ഒരു കാരണമായതിനാൽ വർഷത്തിൽ രണ്ടു തവണ ഈ പ്രായക്കാരുടെ ഇടയിൽ വിര നിവാരണ ഗുളിക സൗജന്യമായി വിതരണം ചെയ്യുക ,<br>ഇതിലൂടെ വരും വർഷങ്ങളിൽ മാതൃ-ശിശു മരണനിരക്കും രോഗാതുരതയുടെ നിരക്കും കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(....2)

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിക്ക് പ്രതിവർഷം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | (സി) | ആരംഭ വർഷത്തെ മൊത്തമായ ചെലവ് - 5,72,71,601 രൂപ ; തുടർന്നുള്ള വർഷങ്ങളിൽ 5,52,71,601 രൂപ. |
| (ഡി) | അയൺ ഗുളികകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയാണ് ഈ ഗുളികകൾ വാങ്ങുന്നത്. കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രി കൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങിക്കുന്ന എല്ലാ മരുന്നു കൾക്കും പാലിക്കുന്ന അതേ സുരക്ഷാ നടപടികളാണ് ഇതിനും പാലിക്കുന്നത്.<br>ഇതിന് ഉതകുന്ന രീതിയിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടുള്ള ഗുണനിലവാര മാർഗ്ഗരേഖ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ